# വചനസുമം





വാല്യം 13 ✵ ഫെബ്രുവരി 2015 ✵ ലക്കം 2

# പ്രസംഗം തയ്യാറാക്കിയവർ

**ഫെബ്രുവരി 1:** **കൊഹനെ ഞായർ**
**(പരേതരായ വൈദികർ)**
ബ്രദർ ബോണിഫസ് മാത്യു ഒ.ഐ.സി.

**ഫെബ്രുവരി 8 :** **ആനീദേ ഞായർ**
**(പരേതരായ വിശ്വാസികൾ)**
ബ്രദർ സാമുവൽ ജോർജ്ജ് ഒ.ഐ.സി.

**ഫെബ്രുവരി 15 :** **കൊത്തിനെ ഞായർ**
**(കാനായിൽ വെള്ളം വീഞ്ഞാക്കിയത്)**
**(നോമ്പിലെ ഒന്നാം ഞായർ)**
ബ്രദർ ലിബിൻ ഒ.ഐ.സി.

**ഫെബ്രുവരി 15 :** **ഗർബോ ഞായർ (നോമ്പിലെ രണ്ടാം ഞായർ)**
**(കുഷ്ഠരോഗിയെ സൗഖ്യമാക്കിയത്)**
ബ്രദർ മൈക്കിൾ രാജ് ഒ.ഐ.സി.



---


Printed : At Bethany Offset Printers, Kottayam - 686 010
Published : By **Bethany Vedavinjana Peeth, Pune**

(For Private Circulation)

## ഫെബ്രുവരി 1 : കൊഹനെ ഞായർ (പരേതരായ വൈദികർ)

ബ്രദർ ബോണിഫസ് മാത്യു ഒ.ഐ.സി.

**ലൂക്കോ 19:11–27; സംഖ്യ 20:22–29; ജോഷ്വാ 24:29–33; ഏശ 65:13–16; അ.പ്ര 20:25–38; ഹെബ്രാ 13:7–16; മത്താ 24:45–51**

### പശ്ചാത്തലം

ക്രിസ്തുവിന്റെ രണ്ടാം വരവിനെപ്പറ്റി മത്തായി സുവിശേഷകൻ ഏറ്റവും അവസാന ഭാഗത്തിൽ പരാമർശിക്കുന്നു. അതായതു 24,25 അദ്ധ്യായങ്ങളിൽ, വിശ്വസ്തത, കപടത എന്നിങ്ങനെ രണ്ടായിട്ടുള്ള തരം തിരിവ് ഉണ്ടാകുമെന്നു ക്രിസ്തു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുന്നു. ഈ പഠിപ്പിക്കലുകളുടെ പര്യവസാനമായിട്ടാണ് 25-ാം അദ്ധ്യായ ത്തിൽ "അന്ത്യവിധി" യെ വി. മത്തായി അവതരിപ്പിച്ചിരിക്കുന്നത്.

അന്ത്യവിധിയിൽ എത്തുന്നതിനുമുമ്പു വി. മത്തായി മൂന്നു ഉപമ കൾ അവതരിപ്പിക്കുന്നു. വിശ്വസ്തനും വിവേകിയുമായ ഭൃത്യന്റെയും, കപടനായ ഭൃത്യന്റെയും ഉപമ. (24:45–51) വിവേകമതികൾ, വിവേക ശൂന്യരും ഇവരുടെ ഉപമ (25:1–13) താലന്തുകളുടെ ഉപമ (25:14–20). ഈ ഉപമകളുടെ അവസാനം അന്ത്യവിധിയെപ്പറ്റി പരാമർശിക്കുന്നു. മുമ്പുള്ള മൂന്ന് ഉപമകളും എങ്ങനെ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായി ഒരുങ്ങിയിരിക്കണമെന്നു പഠിപ്പിക്കുന്നു. അതായത് ജാഗ്രതയുള്ളവരായി യജമാനന്റെ ഇഷ്ടം നിറവേറ്റുന്ന വിശ്വസ്തനും വിവേകിയുമായ ഭൃത്യ ന്മാരാകാൻ ഈ വേദഭാഗം നമ്മെ പഠിപ്പിക്കുന്നു.

### പ്രമേയം

വി. മത്തായി ക്രിസ്തുവിനെ അഭിനവമോശയായിട്ടാണ് അവത രിപ്പിക്കുക. അതിനാൽ സുവിശേഷകൻ മോശയുടെ പഞ്ചഗ്രന്ഥിയെ സൂചിപ്പിക്കുന്നതിനായി അഞ്ചു പ്രസംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ഗിരിപ്രഭാഷണം (5–7)
2. അപ്പസ്തോലന്മാരോടുള്ള പ്രഭാഷണം (10)
3. ഉപമകൾ (13)
4. മിഷനെപ്പറ്റിയുള്ള പ്രഭാഷണം (18)
5. രണ്ടാം വരവിനെപ്പറ്റിയുള്ള പ്രഭാഷണം (24–25)

ഇതിൽ സഭ  കൊഹനെ ഞായറിൽ ക്രിസ്തുവിന്റെ രണ്ടാം വരവിനെപ്പറ്റിയുള്ള  ഭാഗമാണ് വിചിന്തനത്തിനായി തന്നിരിക്കുന്നത്. ഇവിടെ അന്ത്യവിധിക്കു മുമ്പുള്ള നമ്മുടെ ജീവിതം എപ്രകാരമായിരിക്കണമെന്നു ഈ ഉപമയിലൂടെ വ്യക്തമാക്കുന്നു.

## വിചിന്തനം

കൊഹനെ ഞായർ വാങ്ങിപ്പോയ സകല പുരോഹിതരേയും ഓർക്കുന്ന ദിവസമാണ്. വി. പൗലോസ് ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നു "നിങ്ങളോടു ദൈവവചനം പറഞ്ഞു തന്ന സകലനേതാക്കന്മാരേയും ഓർക്കുവിൻ, അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്തു അവരെ അനുകരിക്കുവിൻ" (ഹെബ്രാ. 13:7). ജീവിതചര്യയുടെ ഫലം കണക്കിലെടുത്താണു നാം അനുകരിക്കുന്നത്. പുരോഹിതരെ നാം ഓർക്കുമ്പോൾ അവരുടെ ജീവിതചര്യയുടെ ഫലമാണ് നം ഓരോരുത്തരും എന്നതു നിസംശയമാണ്. നമ്മുടെ ചിന്തയ്ക്കു വിഷയീഭവിക്കേണ്ട ചോദ്യം അവരുടെ ജീവിതചര്യ എന്നതാണ്. ഇതിനെ നമുക്കു വിശ്വസ്ഥനും വിവേകിയുമായ ഭൃത്യന്റെ ജീവിതചര്യ, യജമാനന്റെ ഇഷ്ടം നിറവേറ്റുന്ന ഭൃത്യന്റെ ജീവിതചര്യ, എന്നിങ്ങനെ രണ്ടായി കാണാം.

### 1. വിശ്വസ്തനും വിവേകിയുമായ  ഭൃത്യൻ

പുരോഹിതൻ വിശ്വസ്തനും വിവേകിയുമായ യഥാർത്ഥ  ഭൃത്യനാണ്. അതായത് യജമാനന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്. വി. മത്തായി ശ്ലീഹാ  ഭൃത്യനെ വിശേഷിപ്പിക്കുക തന്റെ  ഭവനത്തിലുള്ളവർക്ക് കൃത്യസമയത്തു  ഭക്ഷണം കൊടുക്കാൻ യജമാനൻ നിയോഗിച്ച  ഭൃത്യൻ എന്നതാണ്.  ഭവനത്തിലുള്ളവർക്ക് കൃത്യമായി  ഭക്ഷണം കൊടുക്കണമെങ്കിൽ ജാഗ്രതയുള്ളവനായിരിക്കണം ആ  ഭൃത്യൻ. അതുപോലെ തന്റെ ജോലിയോടു അങ്ങേയറ്റം വിശ്വസ്തത പുലർത്തുന്നവനായിരിക്കണം. പഴയനിയമപശ്ചാത്തലത്തിൽ വിശ്വസ്തതയും ജാഗ്രതയും എന്ന പദങ്ങൾ യഹോവയും ഇസ്രായേലും തമ്മിലുള്ള ബന്ധത്തെ പ്രതിനിധാനം ചെയ്യുന്നു. പലതവണ ഇസ്രായേൽക്കാർ ദൈവകൽപ്പന ലംഘിക്കുകയും യഹോവയ്ക്കെതിരായി തിരിയുകയും ചെയ്തപ്പോഴെല്ലാം ദൈവം, താൻ ചെയ്ത വാഗ്ദാനത്തോടു വിശ്വസ്തനായി തന്നെ തുടർന്നതായി നാം കാണുന്നു. ജാഗ്രത എപ്പോഴും കാവൽക്കാരുടെ പ്രത്യേകതയാണ്. സങ്കീർത്തകൻ പറയുന്നു "എന്റെ കാവൽക്കാരൻ കർത്താവാണ്, അവിടുന്നു ഉറങ്ങുകയോ ഉറക്കം തൂങ്ങുകയോ ഇല്ല". പുതിയനിയമത്തിലെ  ഭൃത്യന്റെ പ്രത്യേകത പഴയനിയമത്തിലെ യഹോ

വയുടെ പ്രത്യേകതയ്ക്കു സദൃശ്യമാണ്. ഏറ്റവും വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ.

പുരോഹിതൻ എന്ന വാക്കിന്റെ അർത്ഥം മുന്നിൽ വയ്ക്കപ്പെട്ടവൻ എന്നാണ്. പുരോഹിതൻ ദൈവതിരുമുമ്പാകെ സമർപ്പിക്കപ്പെട്ടവൻ എന്നും അർത്ഥമുണ്ട്. ദൈവത്തെപ്പോലെയാകാൻ വിളിക്കപ്പെട്ടവരാണവർ. ഈയൊരു ദിവസത്തിൽ അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. പൗരോഹിത്യജീവിതത്തിന്റെ അടിസ്ഥാനം ആരംഭിക്കുന്നത് നമ്മുടെയെല്ലാം കുടുംബങ്ങളിൽ നിന്നാണ്. ഒരിക്കൽ ഫുൾട്ടൻ ജെ ഷീൻ തന്റെ മെത്രാൻമോതിരം അമ്മയെ കാണിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ അമ്മ തന്റെ വിവാഹമോതിരം കാണിച്ചുകൊണ്ടു പറഞ്ഞു "മകനേ, ഈ മോതിരം ഉണ്ടായതുകൊണ്ടാണ് നിന്റെ മോതിരത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നത്". അതുകൊണ്ടുതന്നെ കുടുംബജീവിതം ഇതിന്റെ അടിസ്ഥാനമാണ്. വിശ്വസ്തനും വിവേകിയുമായ നല്ല പുരോഹിതർ സഭയ്ക്കും സമൂഹത്തിനും ലഭിക്കുന്നതിനും വളർത്തിയെടുക്കുന്നതിനും നാം ഓരോരുത്തരും ബാധ്യസ്ഥരാണ്. അതാണ് നമ്മുടെ വിളി. ഇതിനു ക്രിസ്തുവിന്റെ ജീവിതം നമുക്കെല്ലാവർക്കും ഒരു മാതൃകയാണ്. ക്രിസ്തു പിതാവിന്റെ ഇഷ്ടം നിറവേറ്റിയവനും വിശ്വസ്തനും വിവേകിയുമായി ഭൃത്യനായിരുന്നു. നാമും ക്രിസ്തു കാണിച്ചു തന്നതുപോലെ വിശ്വസ്തതയോടും വിവേകത്തോടും യജമാനന്റെ ഇഷ്ടം നിറവേറ്റുന്ന ഭൃത്യന്മാരായിരിക്കണം.

## 2. യജമാനന്റെ ഇഷ്ടം നിറവേറ്റുന്നവൻ

യജമാനന്റെ മനസറിഞ്ഞു പ്രവർത്തിക്കുന്ന ഭൃത്യനിൽ യജമാനൻ സംപ്രീതനാകുന്നു. ക്രിസ്തു ദാസന്റെ രൂപം സ്വീകരിച്ച് അങ്ങനെ പ്രവർത്തിച്ചവനാണ്. വി. പൗലോസ് ശ്ലീഹാ പറയുന്നു "യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ, ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ടത് ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെതന്നെ ശൂന്യനാക്കി കൊണ്ടു ദാസന്റെ രൂപം സ്വീകരിച്ചു മനുഷ്യരുടെ സാദൃശ്യത്തിൽ ആയിതീർന്ന്, ആകൃതിയിൽ മനുഷ്യനെ പോലെ കാണപ്പെട്ടു. മരണം വരെ-അതേ കുരിശുമരണം വരെ-അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ ദൈവം അവനെ ഉയർത്തി" (ഫിലിപ്പി. 2:5-9). അതിനാലാണ് ഗത്സമേനിയിൽ ക്രിസ്തു ഇപ്രകാരം പ്രാർത്ഥിച്ചത് "പിതാവേ എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടം നിറവേറട്ടെ"

(മത്താ. 26:39). ക്രിസ്തുവിനു പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതായി രുന്നു ഭക്ഷണം. യജമാനന്റെ ഇഷ്ടം നിറവേറ്റുന്നവനെ എല്ലാത്തിനും മേലായി സ്നേഹിക്കുകയും വിശേഷമായവ നൽകി ആദരിക്കുകയും ചെയ്യുന്നു. പിതാവായ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റിയ ദൈവപുത്ര നായ യേശുമിശിഹായാണ് യഥാർത്ഥ പുരോഹിതൻ. പുരോഹിതനും യഥാർത്ഥ ഭൃത്യനാണ്. യജമാനന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്. അതു കൊണ്ടാണ് പുരോഹിതൻ ദൈവത്തിനും ജനത്തിനുമിടയിലുള്ള മദ്ധ്യ സ്ഥനും ചാലകശക്തിയും ആയത്. ജനത്തിന്റെ ആവശ്യം സ്വർഗത്തി ലേക്കും അവിടെനിന്നുള്ള അനുഗ്രഹം ജനത്തിനും എത്തിക്കുന്ന മധ്യ വർത്തിയാണ് പുരോഹിതൻ. അവിടെ അവന്റെ ഇഷ്ടമല്ല, മറിച്ചു ദൈവ ത്തിനു വഴങ്ങുകയാണ് ചെയ്യുക. ഓരോ ക്രിസ്ത്യാനിയും പുരോഹി തനാണ്. "അവിടുത്തെ കരം എന്റെ മേലുണ്ട് (സങ്കീ. 139:5). പൗരസ്ത്യ രീതിയിൽ കരം എന്റെ മേൽ വയ്ക്കുക എന്ന പ്രയോഗത്തിന്റെ അർത്ഥം എന്നെ പുരോഹിതനായി അഭിഷേകം ചെയ്തു എന്നാണ്. അതിനാൽ ആദ്യ പിതാവായ ആദം സൃഷ്ടിക്കപ്പെടുന്നതു പുരോഹി തനായിട്ടാണ്. എല്ലാ സൃഷ്ടികൾക്കും മദ്ധ്യസ്ഥനായി, എല്ലാ സൃഷ്ടി കൾക്കും വേണ്ടി ദൈവത്തിന്റെ മുമ്പിൽ അവൻ നിൽക്കുന്നു. ആയതി നാൽ നാം ഓരോരുത്തരും പുരോഹിതരാണ്. ഈ വിളി തിരിച്ചറിയാതെ പോകുന്നതാണ് ഇന്നത്തെ വലിയ പ്രശ്നം. സഹജീവികൾക്കും, പ്രകൃ തിക്കും ദൈവതിരുമുമ്പാകെ മദ്ധ്യസ്ഥതവഹിക്കുക എന്നതാണ് ക്രിസ്ത്യാനിയുടെ വിളി. ഈ പ്രപഞ്ചമാകുന്ന ഭവനത്തിലുള്ള എല്ലാ വർക്കും കൃത്യസമയത്തു ഭക്ഷണം നൽ കാനും പരിപാലിക്കുവാനും വേണ്ടിയുള്ള വിളിയാണ് ഓരോ ക്രിസ്ത്യാനിയുടെതും. ഭവനത്തി ലുള്ളവർക്ക് എന്ന പദം അർത്ഥം വയ്ക്കുക, ഈ പ്രപഞ്ചമാകെ ഭവനം പോലെയെന്നാണ്. അതുകൊണ്ടാണ് ഭാരതീയ ചിന്തയിൽ ഇപ്രകാരം പറയുന്നത് 'ലോകമേ തറവാട്.'

## ഉപസംഹാരം

'കൊഹനെ ഞായർ'- യജമാനന്റെ ഇഷ്ടം നിറവേറ്റുന്ന വിശ്വ സ്തരായ ഭൃത്യന്മാരാകാൻ നമ്മെ വിളിക്കുന്നു. അങ്ങനെ വരുമ്പോൾ നമ്മുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത്, അനുകരിച്ചു നീതി യുടെ കിരീടം സ്വന്തമാക്കുന്നവരെ നമുക്കീ ലോകത്തിനു സമ്മാനി ക്കുവാൻ കഴിയും. കൊഹനെ ഞായർ നൽകുന്ന ചിന്ത ഇപ്രകാരമാണ്.

നമ്മുടെ ജീവിതസാഹചര്യം എങ്ങനെയും എന്തും ആയിക്കൊള്ളട്ടെ, അവിടെ നാം എങ്ങനെ ജീവിക്കുന്നു എന്നതാണു പ്രധാനം. യജമാനന്റെ ഇഷ്ടം നിറവേറ്റി വിശ്വസ്തരായ സേവകരായി ജീവിക്കുവാനുള്ള വിളി സ്വീകരിക്കുവാൻ സഭ ആഹ്വാനം ചെയ്യുന്നു. അപ്പോൾ നമ്മുടെ ജീവിതത്തിന് അർത്ഥവും വ്യാപ്തിയും ഉണ്ടാകുന്നു. അപ്പോൾ നമ്മുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്തു നമ്മെ അനുകരിക്കുന്നവരെ കാണുവാൻ നമുക്കു സാധിക്കും. അങ്ങനെയുള്ള കുടുംബങ്ങളിൽ നിന്നാണു നല്ല പുരോഹിതർ ഉണ്ടാകുക. അതിനാൽ മാർ ഈവാനിയോസ് പിതാവു പ്രാർത്ഥിച്ചതുപോലെ നമുക്കും പ്രാർത്ഥിക്കാം.

*"**കൊയ്ത്തു വളരെയുണ്ടു വേലക്കാർ ചുരുക്കം** എന്നരുൾ ചെയ്ത കർത്താവേ, നിന്റെ വിളവിനെ ശേഖരിപ്പാൻ സന്ന്യാസിമാരും സന്ന്യാസിനിമാരുമായ അനേകരെ എഴുന്നേല്പിക്കണമെ. പ്രാർത്ഥനാജീവിതം കൊണ്ടും പുണ്യപ്രവർത്തികൾകൊണ്ടും നിന്നെ മഹത്വപ്പെടുത്തുകയും ലോകത്തിനു നിന്റെ വിശുദ്ധിയും സ്നേഹവും വെളിപ്പെടുത്തുകയും ചെയ്യുന്ന പുണ്യാത്മാക്കളായ അനേകം സ്ത്രീ പുരുഷന്മാരെ നീ തരണമെ.! പിതാവേ ഭൂമിയിൽ നിന്റെ തിരുനാമം സർവ്വോപരി പരിശുദ്ധമാക്കപ്പെടണമെ."*

## ഫെബ്രുവരി 8 : ആനീദേ ഞായർ (പരേതരായ വിശ്വാസികൾ)

ബ്രദർ സാമുവൽ ജോർജ്ജ് ഒ.ഐ.സി.

**മത്താ. 25:31-46; ഉല്പ. 49:29-33; 2 മക്ക. 12:38-45; ഏശ. 38:9-22; 2 പത്രോ. 3:8-13; 1 തെസ. 4:13-18; യോഹ. 5:19-29.**

### പശ്ചാത്തലം

യോഹന്നാൻ വിവരിക്കുന്ന പ്രഭാഷണങ്ങളുടെയും അദ്ഭുതങ്ങളുടെയും കേന്ദ്രബിന്ദു മിശിഹാരഹസ്യമാണ്. ഈ സുവിശേഷത്തിന്റെ ഉള്ളടക്കം ദൈവപുത്രനായ ഈശോയുടെ സ്വയം വെളിപ്പെടുത്തലാണ്. അവിടുന്നു എന്തു പഠിപ്പിച്ചു,എന്തു പ്രവർത്തിച്ചു എന്നതിലുപരി അവിടുന്നാരാകുന്നു എന്നു വിശദമാക്കാനാണ് യോഹന്നാൻ ആഗ്രഹിക്കുന്നത്.രക്ഷാദായകനും ദൈവപുത്രനും സ്വയം വെളിപ്പെടുത്തുന്നവനുമായ യേശുവിൽ വിശ്വസിക്കണമെന്ന ആഹ്വാനമാണ് ഈ വിവരണങ്ങളുടെ പ്രേരകശക്തി. പുത്രന്റെ അധികാരം ജീവൻ നല്കാനും വിധിക്കാനുമുള്ള അധികാരമാണ്. പുത്രൻ പ്രവർത്തിക്കുന്നതെല്ലാം പിതാവിന്റെ ഹിതം നിറവേറ്റുന്നതിനാണ്. പുത്രനിലൂടെ വെളിവാക്കപ്പെടാൻ പോകുന്നത് ജീവൻ നല്കലും, അന്ത്യവിധിയുമാണ്. അന്ത്യവിധിയെപ്പറ്റിയുള്ള ഒരു പ്രബോധനം ഈ വചനഭാഗത്ത് നമ്മൾ ദർശിക്കുന്നു. ഈ ആഹ്വാനം സ്വീകരിക്കന്നവർ നിത്യജീവൻ പ്രാപിക്കുന്നു; അല്ലാത്തവർ നിത്യമരണത്തിലേയ്ക്കും.

### പ്രമേയം

യേശുവും പിതാവും തമ്മിലുള്ള അഭേദ്യമായ ബന്ധവും, യേശുവിന്റെ അധികാരത്തെക്കുറിച്ചുള്ള പ്രബോധനവുമാണ് സുവിശേഷ പ്രമേയം.

### സന്ദേശം

തിരുസ്സഭയിൽ മരിച്ചവരെ അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന പാവനമായ ഒരു ദിനമാണ് ആനീദേ ഞായർ. ജീവിതകാലം മുഴുവൻ കർത്താവിനെ ധ്യാനിച്ചും കർത്താവിന്റെ തിരുമുഖം ഹൃദയഭിത്തിയിൽ വരച്ചും കടന്നുപോയ തിരുസ്സഭയുടെ ആ

ഗണങ്ങൾ, മരണമെന്ന കവാടത്തിനപ്പുറം നിത്യതയിൽ സ്നേഹസ്വരൂപനായ ദൈവത്തിന്റെ തിരുസന്നിധിയിൽ കഴിയുന്നു എന്നത് പ്രത്യാശയോടുകൂടി ജീവിക്കുന്ന ഒരു വിശ്വാസിക്ക് ആശ്വാസം നൽകുന്ന ഒരു യാഥാർത്ഥ്യമാണ്. ഒരു യാഥാർത്ഥ്യം എന്നതിനപ്പുറം മരിച്ചവിശ്വാസികളും ജീവിച്ചിരിക്കുന്ന വിശ്വാസികളും തമ്മിലുള്ള ക്രിസ്തീയമായ ബന്ധത്തെ ഊട്ടിയുറപ്പിക്കുന്ന ഒരു ദിനം കൂടിയാണ് ആനീദേ ഞായർ. അതോടൊപ്പംതന്നെ, ക്ഷണികമായ ഈ ലോകത്തിൽ പിതാവിന്റെ പ്രവർത്തികൾ ചെയ്തു ജീവിച്ചു നിത്യജീവൻ അവകാശപ്പെടുത്തുവാൻ തിരുസ്സഭ നമ്മെ ആഹ്വാനം ചെയ്യുന്ന ഒരു ദിനം കൂടിയാണ് ആനീദേ ഞായർ.

1. “യേശു പറഞ്ഞു സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പിതാവ് ചെയ്തു കാണുന്നതല്ലാതെ പുത്രനു സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല. എന്നാൽ പിതാവു ചെയ്യുന്നതെല്ലാം അപ്രകാരംതന്നെ പുത്രനും ചെയ്യുന്നു” (യോഹ.5:19). യേശുവിന്റെ പ്രവൃത്തികളും പിതാവിന്റെ പ്രവൃത്തികളും ഒന്നും തന്നെയാണ്. അപ്പോൾ ക്രിസ്തുവിന്റെ പാതകളെ പിൻചെല്ലുന്നവന്റെ പ്രവൃത്തികളുടെ അടിസ്ഥാനം നിർബന്ധമായും ത്രിത്വകേന്ദ്രീകൃതമായിരിക്കണം.ക്രിസ്തുവിന്റെ പ്രവൃത്തികൾ പിതാവിനെ വെളിപ്പെടുത്തുന്നതുപോലെ, ക്രിസ്തുവിനെ പിൻചെല്ലുന്നവന്റെ പ്രവൃത്തികളും ക്രിസ്തുവിനെ വെളിപ്പെടുത്തുന്നതായിരിക്കണം.

2. ഒരുവൻ ജീവിച്ചു തീർക്കുന്ന ജീവിതം ഒരു ഓർമ്മയായി തീരണം. ക്രിസ്തു പിതാവിന്റെ പ്രവർത്തികൾ ചെയ്ത് ഒരു ഓർമ്മയായി തീർന്നു. ഇപ്രകാരം ക്രിസ്തുവിന്റെ പ്രബോധനങ്ങളിലൂടെയും, കല്പനകളിലൂടെയും നല്കപ്പെട്ട വിശ്വാസചൈതന്യവും, ഉണർവ്വും വരും തലമുറക്കു നൽകി കടന്നുപോകേണ്ട ഒരു ജീവിതമായിരിക്കണം ഓരോ ക്രൈസ്തവന്റേയും. ദൈവത്തിന്റെ തിരുസന്നിധിയിലേയ്ക്കു കടന്നു പോയ ഓരോ വിശുദ്ധരും ലോകത്തിന്റെ വശ്യതകളെ മാറ്റി വച്ചു യേശുവിന്റെ പ്രവർത്തികളെ അനുധാവനം ചെയ്ത് ഈ ലോകത്തിൽ നിന്നു കടന്നുപോയി. ക്രിസ്തീയ ജീവിതത്തിന്റെ മനോഹാരിതയും മാനുഷികമൂല്യങ്ങളും ക്രിസ്തീയ അനുഷ്ഠാനങ്ങളും അവർ ശ്രേഷ്ഠമായി കണ്ടു.

ഇപ്രകാരം, ക്രിസ്തുവിലൂടെ നല്കപ്പെട്ട വചനങ്ങളനുസരിച്ച് ജീവിച്ച് ദൈവത്തിന്റെ മനസ്സിലും, മനുഷ്യന്റെ മനസ്സിലും, പ്രകൃതിയുടെ മനസ്സിലും മായ്ച്ചാൽ മായാത്ത ഓർമ്മയാവുക.

3. ഒരുവന്റെ പ്രവൃത്തികളാണ് അവന്റെ വിധിയെ നിർണ്ണയിക്കുന്നത്. അവൻ ജീവിതത്തിൽ പ്രധാനമായി കരുതി ചെയ്യുന്നതെന്തോ അത്. ക്രിസ്തു തന്റെ പ്രവർത്തികളെല്ലാം പിതാവിന്റെ പ്രവർത്തികളോട് അനുരൂപപ്പെടുത്തി, പിതാവിന്റെ പ്രവർത്തികൾ ശ്രേഷ്ഠമായി കണ്ടു. ക്രിസ്തു തന്റെ പ്രധാന ദൗത്യങ്ങൾക്കെല്ലാം മുൻപ് പിതാവിന്റെ ഹിതം നിറവേറ്റുന്നതായി നാം കാണുന്നുണ്ട്.അതിനാൽ, ഒരുവൻ ഈ ലോകത്തിൽ ചെയ്യുന്ന ഓരോ പ്രവർത്തികളായി ക്രിസ്തു എന്ന അടിസ്ഥാന നന്മയെ ആശ്രയിച്ചായിരിക്കട്ടെ.

## ഉപസംഹാരം

ക്രിസ്തു നിവർത്തിച്ച ഓരോ പ്രവൃത്തികളും പിതാവിനോടുണ്ടായിരുന്ന ഗാഢമായ ബന്ധത്തിൽ നിന്നു രൂപം കൊണ്ടതാണ്. അത് മനുഷ്യന്റെ പ്രവർത്തനമണ്ഡലങ്ങളിലെല്ലാം ഒരു സാക്ഷ്യമായിരുന്നു. പിതാവിന്റെ ഹിതം പൂർണ്ണമായി പരസ്യജീവിതകാലത്ത് ക്രിസ്തു പൂർത്തിയാക്കി. അതിന്റെ പൂർണ്ണത നാം കാണുക കാൽവരി മലയുടെ മുകളിലാണ്. അങ്ങനെ അവൻ ലോകത്തിന്റെ മനസ്സിലും മനുഷ്യമനസ്സിലും ഒരു ഓർമ്മയായി. ഇപ്രകാരം, എന്റെ ഓർമ്മക്കായി ചെയ്യുവിൻ എന്നു പറഞ്ഞു കടന്നുപോയ ക്രിസ്തുവിനെ പിൻചെല്ലുന്ന നമ്മുടെ ജീവിതവും വരും തലമുറയ്ക്ക് ഒരു ഓർമ്മയായി തീരട്ടെ.

## ഫെബ്രുവരി 15 : കൊത്തിനെ ഞായർ (നോമ്പിലെ ഒന്നാം ഞായർ)
## (കാനായിൽ വെള്ളം വീഞ്ഞാക്കിയത്)

ബ്രദർ ലിബിൻ ഒ.ഐ.സി.

**യോഹ. 10:22–30; ഉൽപ. 3:1–13; പ്രഭാ. 2:1–11; ഏശ. 58:1–14; 1 യോഹ. 4:13–21; റോമ. 12:16–21; യോഹ. 2:1–11**

### പശ്ചാത്തലം

വി. യോഹന്നാന്റെ സുവിശേഷം രണ്ടാം അദ്ധ്യായം യേശുവിന്റെ പരസ്യജീവിതത്തിലെ ആദ്യത്തെ അടയാളത്തോടെയാണ് ആരംഭിക്കുന്നത്. തന്റെ ശിഷ്യരുടെ വിശ്വാസത്തിന്റെ വളർച്ചയ്ക്കും, തന്റെ മഹത്വത്തിനും വേണ്ടി യേശു പ്രവർത്തിക്കുന്ന ആദ്യ അത്ഭുതമാണിത്. കാനായിലെ വിവാഹവിരുന്നിൽ യേശു വെള്ളം വീഞ്ഞാക്കിത്തീർത്ത സംഭവമാണ് ഈ സുവിശേഷഭാഗത്തിന്റെ പശ്ചാത്തലം.

### പ്രമേയം

കാനായിലെ വിവാഹവിരുന്നിലൂടെ യേശു വീഞ്ഞിന്റെ കുറവിനെ അത്ഭുതകരമായി പരിഹരിക്കുന്നതാണ് ഈ സുവിശേഷത്തിലൂടെ നാം വായിച്ചെടുക്കുക. അതിനു മാദ്ധ്യസ്ഥം വഹിച്ചത് പരി. അമ്മയാണെന്നതു വളരെ ശ്രദ്ധാർഹമായ കാര്യമാണ്.

### സന്ദേശം

പാലസ്തീനായുടെ സാമൂഹിക ആചാരങ്ങളിൽനിന്നുവേണം ഈ വചനഭാഗം വായിച്ചെടുക്കാൻ. വിവാഹത്തിനു ഏറ്റവും അത്യന്താപേക്ഷിതമായ വിഭവമായിരുന്നു വീഞ്ഞ്. വിവാഹവിരുന്നതിനിടെ വീഞ്ഞു തീർന്നാൽ വലിയ ഒരു അപമാനമായിരുന്നു. ഈയൊരു സാമൂഹിക പശ്ചാത്തലത്തിലാണ് കാനായിലെ വിവാഹവീട്ടിൽ യേശു അമ്മയോടും ശിഷ്യന്മാരോടുമൊപ്പം വിരുന്നിനെത്തുന്നത്.

### മനുഷ്യന്റെ കണക്കുകൂട്ടലുകൾ തെറ്റുന്നു

കാനായിലെ വിവാഹവിരുന്നിൽ വീഞ്ഞു തീരാനും അവിടെ യേശു കടന്നുവരാനും കാരണമായത് കുറവുള്ള ഒരു ഭവനമായിരുന്നു

കാനായിലെ ഭവനം. അതിനാലാണു ആ കുറവിലേക്കു യേശു കടന്നു വരുന്നത്. വീഞ്ഞു തീർന്നുപോയി എന്നാൽ നാം ഇവിടെ മനസിലാക്കേണ്ടത് മനുഷ്യന്റെ കണക്കുകൂട്ടലുകൾ തെറ്റി എന്നതാണ്. മനുഷ്യരുടെ കണക്കുകൂട്ടലുകൾക്കു കണ്ണെത്താത്ത യാഥാർത്ഥ്യങ്ങളുണ്ട്. എന്നോർമ്മപ്പെടുത്തി ആ വീട്ടിലെ വിരുന്നിനിടെ വീഞ്ഞു തീരുകയാണ്. സദ്യയ്ക്കിടെ വീഞ്ഞു തീർന്നുപോകുമ്പോൾ അപമാനഭാരംകൊണ്ടു തല താഴ്ത്തുന്ന ആതിഥേയൻ നമുക്കു നൽകുന്ന സന്ദേശം. മനുഷ്യന്റെ കണക്കുകൂട്ടലുകൾ എപ്പോൾ വേണമെങ്കിലും തെറ്റാം. എന്നാൽ വിളമ്പുന്ന എല്ലാ പാത്രങ്ങളും നിറയണമെങ്കിൽ യേശു കടന്നു വരണം. വീഞ്ഞു തീർന്നു എന്നതിനാലാണ് കാനായിലെ വീട് ബൈബിളിന്റെ ഭാഗമായി തീർന്നത്. അപമാനഭാരം കൊണ്ടു തല താഴുന്ന ആതിഥേയന്റെ വേദന സ്വന്തമാക്കിയ യേശു തന്റെ അമ്മയുടെ മദ്ധ്യസ്ഥതയിൽ അത്ഭുതം പ്രവർത്തിക്കുകയാണിവിടെ. നമ്മുടെ ജീവിതങ്ങളിൽ കുറവുകൾ ഉണ്ടാകുമ്പോൾ നാം തിരിച്ചറിയേണ്ട യാഥാർത്ഥ്യവും നമ്മുടെ കണക്കുകൂട്ടലുകൾ തെറ്റുന്നു എന്നതാണ്. ഇത്തരം കുറവുകളെ അതിജീവിക്കണമെങ്കിൽ യേശു നമ്മുടെ ജീവിതങ്ങളിൽ അത്ഭുതം പ്രവർത്തിക്കണം. അതിന്റെ ആദ്യപടി എന്നോണം യേശു നമ്മുടെ ജീവിതങ്ങളിലേക്കു ക്ഷണിക്കപ്പെടണം. ലോകചരിത്രത്തിന്റെ ഉത്ഭവം മുതൽക്കു തന്നെ യേശു മനുഷ്യന്റെ കണക്കുകൂട്ടലുകൾക്കും അതീതമായി ചിന്തിച്ചു. അതിനാലാണ് യേശു ദൈവപുത്രനായിരിക്കെ തന്നെ മനുഷ്യനായി അവതാരം ചെയ്തത്. വീണ്ടും പുതിയനിയമത്തിലെ പല അത്ഭുതങ്ങളും മനുഷ്യന്റെ ചിന്തയ്ക്കും കണക്കുകൂട്ടലുകൾക്കും അതീതമായിട്ടാണു യേശു പ്രവർത്തിക്കുന്നത്. ഇനിയും നാം തിരിച്ചറിയേണ്ട യാഥാർത്ഥ്യം കുറവുകൾ ഉള്ളൊരു ജീവിതത്തിലേക്കാണു നാം ഓരോരുത്തരും എന്ന തിരിച്ചറിവിൽ എത്തുമ്പോൾ അതിനെ അത്ഭുതകരമായി പരിഹരിക്കാൻ നാം പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം തേടണം.

**കുറവിനെ നിറവാക്കുന്ന ദൈവം**

ഏദന്റെ കന്നിമണ്ണിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ച് അവനു സകലവിധ അധികാരങ്ങളും ആദ്യമേ നൽകി. പക്ഷേ പറുദീസയിൽ മനുഷ്യന്റെ കണക്കുകൂട്ടലുകൾ തെറ്റി. അവിടെ ദൈവം അത്ഭുതകരമായി വീഞ്ഞിനെ രക്തമാക്കി കാൽവരിയിൽ അത്ഭുതം പ്രവർത്തിച്ചു. കുറവിനെ നിറവാക്കുന്ന ഒരു ദൈവമാണു നമുക്കുള്ളത്. അഞ്ചപ്പം

കൊണ്ടു അയ്യായിരങ്ങളുടെ വിശപ്പടക്കിയ ദൈവം ഇന്നും ഈ കാല ഘട്ടത്തിലും മനുഷ്യന്റെ കുറവുകൾ അറിഞ്ഞ് അത്ഭുതകരമായി ഇടപെടുന്നു. കാനായിലെ വീടുപോലെ നാമും പലപ്പോഴും കുറവുകളോടുകൂടി ആയിരിക്കുന്ന നിമിഷങ്ങളുണ്ട്. അത്തരം നിമിഷങ്ങൾ പരി. അമ്മയുടെ മദ്ധ്യസ്ഥതയിൽ യേശുവിലേയ്ക്കു സമർപ്പിക്കാൻ നമുക്കാവണം.

## ഉപസംഹാരം

നമ്മുടേയും ജീവിതത്തിൽ കണക്കുകൂട്ടലുകൾ തെറ്റാറില്ലേ? അവിടെ യേശുവിനെ ക്ഷണിക്കുവാനും പരി. അമ്മയുടെ മാദ്ധ്യസ്ഥതയിൽ അത്ഭുതം പ്രവർത്തിക്കുവാനും നമുക്ക് ഇനിയുള്ള അവസരങ്ങൾ ഉപയോഗപ്പെടുത്താം. അതിനാൽ നമ്മുടെ കുറവുകൾ നിറവുകളായി മാറട്ടെ.

## ഫെബ്രുവരി 22 : ഗർബോ ഞായർ (നോമ്പിലെ രണ്ടാം ഞായർ)

## (കുഷ്ഠരോഗിയെ സൗഖ്യമാക്കിയത്)

ബ്രദർ മൈക്കിൾ രാജ് ഒ.ഐ.സി.

**ലൂക്കാ 17:11–19; സംഖ്യ 12:1–16; 2 രാജാ 5:1–14; ഏശ 59:1–8; യാക്കോ 1:12–18; തീത്തോ. 2:1–10; മർക്കോ. 1:40–45**

### പശ്ചാത്തലം

ആദ്യമായി എഴുതപ്പെട്ട സുവിശേഷം വി. മർക്കോസിന്റേതാണ്. ക്രിസ്തുവിന്റെ മിശിഹാരഹസ്യം പടിപടിയായി വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഈ വെളിപ്പെടുത്തൽ മനുഷ്യന്റെ പ്രവർത്തനമല്ല. മറിച്ചു ദൈവികപദ്ധതിയുടെ ഭാഗമാണ്. അതുകൊണ്ടാണു ഏതൊരു അത്ഭുതത്തിനും ഒടുവിൽ ഇതാരോടും പറയരുതെന്നു താക്കീതു നൽകുന്നത്. യേശുവിലൂടെ ലഭിക്കുന്ന രക്ഷ എല്ലാവർക്കുമുള്ളതാണ്. അതുകൊണ്ടാണ് യോഹന്നാന്റെ ഉത്ബോധനത്തിനുശേഷം ഈ അത്ഭുതം ക്രമീകരിച്ചിരിക്കുന്നത്.

### പ്രമേയം

യഹൂദപശ്ചാത്തലത്തിൽ കുഷ്ഠരോഗിയെ ഒരു പാപിയായിട്ടാണു കണക്കാക്കിയിരുന്നത്. സമൂഹത്തിൽനിന്നും ഇങ്ങനെയുള്ള വ്യക്തികളെ മാറ്റിനിർത്തിയിരുന്നു. ജീവിതത്തിലെ എല്ലാപ്രതീക്ഷകളും നഷ്ടപ്പെട്ടു ജീവിക്കുമ്പോഴാണ് രക്ഷയുടെ സുവിശേഷവുമായുള്ള യേശുവിന്റെ വരവ്. സമുഹത്തിൽനിന്നും മാറ്റിനിർത്തപ്പെട്ടിരുന്ന കുഷ്ഠരോഗിക്കു യേശുവിലുണ്ടായിരുന്ന ദൃഢമായ വിശ്വാസമാണ് വലിയ ജനക്കൂട്ടത്തിന്റെ സാന്നിധ്യത്തിലും യേശുവിനെ സമീപിക്കാൻ അവനെ ശക്തനാക്കിയത്.

### സന്ദേശം

#### 1. കുഷ്ഠരോഗിക്കുണ്ടായ തിരിച്ചറിവ്

യേശുവിന്റെ പ്രസംഗങ്ങൾ, അത്ഭുതങ്ങൾ ഇവയൊക്കെ കുഷ്ഠരോഗിയുടെ അറിവിന്റെ തലങ്ങളെ വർദ്ധിപ്പിച്ചു. എല്ലാവരേയും സുഖപ്പെടുത്താമെങ്കിൽ എന്നേയും ദൈവത്തിനു സുഖപ്പെടുത്താൻ കഴിയു

മെന്ന തിരിച്ചറിവാണ് ഇവനെ വ്യത്യസ്ഥനാക്കുന്നത്. അതിനാലാണ് കുഷ്ഠരോഗി ഇപ്രകാരം ചോദിക്കുന്നത് "നിനക്കു മനസുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും". നമുക്കു യേശുവിനെക്കുറിച്ചു പല കാര്യങ്ങളിലും അറിവുണ്ട്. പക്ഷേ തിരിച്ചറിവായി മാറുന്നുണ്ടോ. തിരിച്ചറിവു ജീവിതാനുഭവത്തിൽ നിന്നുമുളവാകുന്നതാണ്. കാരണം യേശുവിനെക്കുറിച്ചുള്ള തിരിച്ചറിവ് ആരെങ്കിലും പറഞ്ഞിട്ടു നമുക്കു കിട്ടാനുള്ള ഒന്നല്ല, അതിലുപരി സ്വയം ജീവിതത്തിൽ നേടിയെടുക്കേണ്ടതാണ്. തിരിച്ചറിവിലൂടെ ജീവിതത്തിൽ ആഴപ്പെടുമ്പോഴാണ് ജീവിതത്തിൽ കുഷ്ഠരോഗിയെപ്പോലെ ഉത്ഥാനത്തിന്റെ അനുഭവങ്ങൾ ഉണ്ടാകുന്നത്.

**2. തിരിച്ചറിവ്- വിശ്വാസത്തിലുള്ള ആഴപ്പെടൽ**

വി. പൗലോസ് ശ്ലീഹാ ഹെബ്രായർക്കെഴുതിയ ലേഖനം 3-ാം അദ്ധ്യായം 14-ാം വാക്ക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു, "നമ്മുടെ ആദ്യത്തെ വിശ്വാസം അവസാനം വരെ മുറുകെ പിടിക്കുമെങ്കിൽ മാത്രമേ നാം ക്രിസ്തുവിൽ പങ്കുകാരാവുകയുള്ളൂ". വിശ്വാസമെന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്. ഈയൊരു വിശ്വാസം തന്നെയാണു കുഷ്ഠരോഗിക്കും ഉണ്ടായിരുന്നത്. സംശയത്തിന്റെ നിഴലില്ലാതെ അവൻ പുർണ്ണമായി യേശുവിൽ ആശ്രയിക്കുന്നു. തന്നെ തന്നെ ദൈവതിരുമനസിനു വിട്ടു കൊടുക്കുന്നു. എന്നെ ശുദ്ധനാക്കാൻ കഴിയുന്ന മിശിഹായുടെ മുമ്പിലാണു താൻ നിൽക്കുന്നതെന്ന തിരിച്ചറിവ് അവന് ഉണ്ടായിരുന്നു. നമ്മുടെ പ്രാർത്ഥനകൾ ഇത്തരത്തിലുള്ളവയാണോ? ജീവിതത്തിൽ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുമ്പോൾ ദൈവതിരുമനസിനു നമ്മെ തന്നെ വിട്ടു കൊടുക്കാൻ കഴിയുന്നുണ്ടോ?

**3. വിശ്വാസം പങ്കുവെയ്ക്കൽ**

യേശുവിനെ അനുഭവമാക്കി മാറ്റിയവർക്കു പിന്നെ വെറുതെയിരിക്കാൻ കഴിയുകയില്ല. കുഷ്ഠരോഗിയെ യേശു താക്കീതു ചെയ്തിട്ടും അവൻ ഓടിനടന്ന് അവൻ അനുഭവിച്ച യേശുവിനെ മറ്റുള്ളവരുമായി പങ്കുവെയ്കുകയാണ്. ഇതുതന്നെയാണ്, ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിലും സംഭവിക്കേണ്ടത്. കുഷ്ഠരോഗിയെപ്പോലെ തിരിച്ചറിവിനെ അനുഭവമാക്കുക, അതു മറ്റുള്ളവരുമായി പങ്കുവയ്ക്കുക.

യേശുവിനെ പ്രഘോഷിക്കുവാനുള്ള വലിയൊരു ആഹ്വാനമാണ് ഇന്നത്തെ സുവിശേഷം നൽകുന്നത്. അതിന്റെ വാഹകരാകാൻ നമുക്കു ശ്രമിക്കാം.

## ഉപസംഹാരം

നോമ്പു ഒരു യാത്രയാണ്. നാം ഓരോരുത്തരുടേയും ജീവിതങ്ങളെ പരിശോധിച്ചുകൊണ്ടുള്ള യാത്ര. ഇവിടെ കുഷ്ഠരോഗിയെ സൗഖ്യപ്പെടുത്തുന്ന സംഭവത്തിലൂടെ സഭ നമ്മുടെ അറിവുകളെ തിരച്ചറിവാക്കി, തിരിച്ചറിവിലൂടെ ആർജ്ജിച്ച വിശ്വാസം പങ്കുവയ്ക്കുവാൻ നമ്മോടു ആഹ്വാനം ചെയ്യുന്നു. ഇങ്ങനെ നാം ഓരോരുത്തരും സുവിശേഷ വാഹകരാകുമ്പോഴാണു മിശിഹാരഹസ്യം നമ്മുടെ ജീവിതത്തിൽ വെളിപ്പെടുന്നത്. ഇങ്ങനെ വെളിപ്പെടുമ്പോൾ മാത്രമേ അവന്റെ കഷ്ടാനുഭവത്തേയും മരണത്തേയും ഉത്ഥാനത്തേയും യഥാർത്ഥമായി മനസിലാക്കാൻ സാധിക്കുകയുള്ളൂ.